പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ: 0471-2323198
ഇ-മെയിൽ: jdacad@gmail.com

നം.എസിഡി എസ്.പി.സി(4)/113338/2018/എച്ച്.എസ്.ഇ തീയതി. 14/08/2020

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - അവശേഷിക്കുന്ന ഭരണ ഘടനാ പഠന ക്ലാസുകൾ 2020-21 വർഷത്തെ പഠന പ്രവർത്തനങ്ങൾക്കൊപ്പം നേരിട്ടോ/ഓൺലൈൻ മുഖേനയോ പൂർത്തീകരിക്കേണ്ടത് - സംബന്ധിച്ച്.

**സൂചന-**
1) 16/11/2018, 06/12/2018, 01/01/2019, 17/01/2019, 22/01/2019, 24/05/2019, 14/10/2019, 28/02/2020, 05/06/2020 എന്നീ തീയതികളിലെ 3001/സി.പി.എസ്.ടി.എ-3/2017/ നി.സെ. നമ്പർ കത്തുകൾ.
2) 01/12/2018, 13/12/2018, 18/01/2019, 30/01/2019, 15/02/2019, 19/03/2019, 28/10/2019, 13/02/2020, 20/03/2020 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
3) 01/06/2019 തീയതിയിലെ 3531792/പി.എസ്.1/2019/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

2018-19 അദ്ധ്യയന വർഷത്തിൽ ആയിരം ഭരണഘടനാ ക്ലാസ്സുകൾ നൽകുക എന്ന പരിപാടിയുടെ ഭാഗമായി കേരള നിയമസഭ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹയർ സെക്കൻഡറി സ്കൂളുകളിൽ വിവിധ തീയതികളിലായി വിദ്യാർത്ഥികൾക്ക് ഭരണഘടനാ പഠന ക്ലാസുകൾ നൽകിയിട്ടുള്ളതാണ്. അത്തരത്തിൽ പഠന ക്ലാസുകൾ നൽകുകയും വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്ത ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് (ആർ.പി.) മുൻവർഷത്തെ നിരക്കിൽ ഓണറേറിയം കേരള നിയമസഭ (പാർലമെന്ററി പഠന പരിശീലന കേന്ദ്രം) യിൽ നിന്നും ടി. അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടുകളി ലേക്ക് നേരിട്ട് കൈമാറിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത വിശദാംശങ്ങളും അക്കൗണ്ട് വിവരങ്ങളും ഇതുവരെയും ലഭ്യമാക്കിയിട്ടില്ലാത്ത അദ്ധ്യാപകർക്ക് ഓണറേറിയം കൈമാറാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സൂചനാ കത്തുകൾ മുഖേന കേരള നിയമ സഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

2018-19, 2019-20 വർഷങ്ങളിൽ ഭരണഘടനാ പഠനക്ലാസുകൾ സംഘടിപ്പിച്ചിട്ടില്ലാത്ത റിസോഴ്സ് അദ്ധ്യാപകർ/അദ്ധ്യാപകർ 2020-21 അദ്ധ്യയന

വർഷത്തെ പഠനപ്രവർത്തനങ്ങൾക്കൊപ്പം അവശേഷിക്കുന്ന ഭരണഘടന പഠനക്ലാസുകൾ പൂർത്തീകരിക്കേണ്ടതാണ്. സർക്കാരിന്റെ കോവിഡ് പ്രതിരോധ നടപടിക്രമങ്ങൾ പാലിച്ചും നിലവിലെ സൗകര്യങ്ങൾക്കനുസരിച്ചും വിദ്യാർത്ഥികൾക്ക് നേരിട്ടോ/ ഓൺലൈൻ മുഖേനയോ ഇതോടൊപ്പം നൽകിയ മൊഡ്യൂളിലുള്ള പവർപോയിന്റ് പ്രസന്റേഷൻ അടിസ്ഥാനമാക്കി ഭരണഘടനാ പഠനക്ലാസ്സുകൾ നൽകേണ്ടതാണ്. അത്തരത്തിൽ ക്ലാസ്സുകൾ നൽകിയതിന്റെ വിശദാംശങ്ങളും സാക്ഷ്യപത്രങ്ങളും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും മൊബൈൽ നമ്പറും സഹിതം cpsta@niyamasabha.nic.in , jdacad@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിലും തപാൽ മുഖേനയും ലഭ്യമാക്കേണ്ടതാണ്.

ഭരണഘടനാ പഠനക്ലാസുകൾ മുൻവർഷങ്ങളിൽ ഉൾപ്പെടെ നൽകിയതിന്റെ വിശദാംശങ്ങൾ ഇതുവരെയും ലഭ്യമാക്കിയിട്ടില്ലാത്ത അദ്ധ്യാപകർ പ്രസ്തുത വിശദാംശങ്ങളും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും സഹിതം മേൽ ഇ-മെയിൽ വിലാസങ്ങളിലും തപാൽ മുഖേനയും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

ഉള്ളടക്കം:

മൊഡ്യൂളിന്റെ പവർപോയിന്റ് പ്രസന്റേഷൻ,
സാക്ഷ്യപത്രത്തിന്റെ മാതൃകയും.

# കേരള നിയമസഭ

## സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗ്

### <u>സാക്ഷ്യപത്രം</u>

ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അറിവും അവബോധവും വളർത്തുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന വ്യാപകമായി സർക്കാർ/ എയ്ഡഡ് മേഖലയിലുള്ള ഹൈസ്കൂൾ, പ്ലസ്ടു തലങ്ങളിലെ വിദ്യാർത്ഥികൾക്കായി കേരള നിയമസഭ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഭരണഘടനാ പഠന ക്ലാസ്സുമായി ബന്ധപ്പെട്ട് ..................................................................................സ്കൂളിലെ അധ്യാപകനായ/അധ്യാപികയായ ശ്രീ/ശ്രീമതി......................................................................, 2019 ........................മാസം............. തീയതി ............................................................................ (സ്കൂളിന്റെ പേര്) -ലെ വിദ്യാർത്ഥികൾക്ക് ഭരണഘടനാ ക്ലാസ് നൽകിയിട്ടുണ്ട്.

തീയതി:

ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ

പേര് :

ഒപ്പ് :

ഓഫീസ് സീൽ

CPST

CENTRE FOR PARLIAMENTARY STUDIES AND TRAINING
KERALA LEGISLATURE SECRETARIAT

# ഇന്ത്യന് ഭരണഘടന :ഒരു അവലോകനം

ഡോ. ജെ.
പ്രഭാഷ്

# ആമുഖം

- ഭരണഘടനയുടെ രൂപീകരണം
- ഭരണഘടനാ നിര്മ്മാണ സഭ : ആവിര്ഭാവം, ഘടന, കര്ത്തവ്യങ്ങള്, നടപടിക്രമം
- പ്രധാനപ്പെട്ട നേതാക്കളും ഭരണഘടനാ രൂപീകരണത്തില് അവരുടെ പങ്കും

# ഭരണഘടനയുടെ തത്വശാസ്ത്രം

- ലക്ഷ്യ പ്രമേയം
- പീഠിക
- ലിബറല് ജനാധിപത്യം
- സാമൂഹ്യ – സാമ്പത്തിക – രാഷ്ട്രീയ നീതി
- എല്ലാവര്ക്കും മത സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്ന മതേതര രാഷ്ട്രം
- സോഷ്യലിസം

# ഭരണഘടനയുടെ സവിശേഷതകള്‍

- എഴുതപ്പെട്ടിട്ടുള്ള ഏറ്റവും ബൃഹത്തായ ഭരണഘടന
- വഴക്കത്തിന്റെയും കര്‍ക്കശത്തിന്റെയും സന്തുലനം
- പാര്‍ലമെന്ററി വ്യവസ്ഥ
- മത നിരപേക്ഷ പൗരത്വം എന്ന ആശയം
- നിയമം വഴി നേടിയെടുക്കാന്‍ സാധിക്കുന്ന രാഷ്ട്രീയ നീതിയും അതിന്റെ പശ്ചാത്തലത്തില്‍ നില്‍ക്കുന്ന സാമൂഹ്യ നീതിയും
- ഫെഡറലിസം
- ഏക സമന്വിത നീതി- ന്യായ വിഭാഗം
- ജനാധിപത്യ വികേന്ദ്രീകരണം

# രാഷ്ട്രവും പൗരന്മാരും

- മൗലികാവകാശങ്ങളും നിര്‍ദ്ദേശക തത്ത്വങ്ങളും
- മൗലികാവകാശങ്ങള്‍ : സ്വഭാവം, തരംതിരിവ്, പ്രാധാന്യം
- വ്യക്തി സ്വാതന്ത്ര്യവും സാമൂഹിക നിയന്ത്രണവും തമ്മിലുള്ള സമതുലനം
- മൗലിക കര്‍ത്തവ്യങ്ങള്‍
- നിര്‍ദ്ദേശക തത്വങ്ങള്‍ : ഭരണഘടനയിലെ സാമൂഹിക നീതിയുടെ അന്ത:സത്ത

# ഗവണ്മെന്റിന്റെ ഘടന

- നിയമ നിര്മ്മാണ മണ്ഡലം : കേന്ദ്രവും സംസ്ഥാനവും
- നിര്വ്വാഹക മണ്ഡലം : കേന്ദ്രവും സംസ്ഥാനവും
- നീതി ന്യായ മണ്ഡലം
- നിയമ നിര്മ്മാണ വിഭാഗം, കാര്യനിര്വ്വഹണ വിഭാഗം, നീതി ന്യായ വിഭാഗം എന്നിവ തമ്മിലുള്ള ബന്ധം : പരസ്പര പൂരകമോ ? സംഘര്ഷഭരിതമോ ?

# ഫെഡറലിസവും കേന്ദ്ര - സംസ്ഥാന ബന്ധങ്ങളും

- ഫെഡറലിസം : സ്വഭാവവും സവിശേഷതകളും
- കേന്ദ്ര – സംസ്ഥാന ബന്ധങ്ങള് : അധികാര വിഭജനം
- നിയമ നിര്മ്മാണ, നിര്വ്വാഹക, സാമ്പത്തിക ബന്ധങ്ങള്
- കേന്ദ്രം അല്ലെങ്കില് സംസ്ഥാനങ്ങളോ / കേന്ദ്രവും സംസ്ഥാനങ്ങളുമോ ?

# ഇന്ത്യന് ഭരണഘടന : ഒറ്റ നോട്ടത്തില്

ഡോ. ജെ. പ്രഭാഷ്

# ഭരണഘടന : നിര്‍വ്വചനം

- ഒരു രാഷ്ട്രത്തിന്‍റെ എല്ലാ പ്രവര്‍ത്തനങ്ങളെയും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ആധികാരിക പ്രമാണം
- രാഷ്ട്രത്തിന്‍റെ പരമോന്നത നിയമസംഹിത

# ഇന്ഡ്യന് ഭരണഘടനയുടെ നിര്മ്മാണം

## ഭരണഘടനാ നിര്മ്മാണസഭ

- 1934 - 'ഭരണഘടനാ നിര്മ്മാണ സഭ' എന്ന ആശയം ആദ്യമായി എം.എന്. റോയ് മുന്നോട്ട് വച്ചു.
- 1935 - ഭരണഘടനാ നിര്മ്മാണസഭ എന്ന ആവശ്യം ഔദ്യോഗികമായി ഇന്ത്യന് നാഷണല് കോണ്ഗ്രസ്സ് ബ്രിട്ടീഷ് ഗവണ്മെന്റിനു മുന്നില് അവതരിപ്പിച്ചു.
- 1940 ആഗസ്റ്റ് - ' ആഗസ്റ്റ് ഓഫറി' ലൂടെ ബ്രിട്ടീഷ് ഗവണ്മെന്റ് ആദ്യമായി ഈ ആവശ്യം അംഗീകരിച്ചു.

- 1946 - ക്യാബിനറ്റ് മിഷന് പ്ലാനിന്റെ നിര്ദ്ദേശപ്രകാരം ഭരണഘടനാ നിര്മ്മാണസഭ രൂപീകരിച്ചു.
- 1946 ഡിസംബര് 9 - ഭരണഘടനാ നിര്മ്മാണസഭയുടെ ആദ്യ യോഗം നടന്നു.
- 1947 ആഗസ്റ്റ് 29 - ഡോ. ബി.ആര് അംബേദ്കറുടെ നേതൃത്വത്തില് ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചു.
- 1949 നവംബര് 26 - ഭരണഘടനാ നിര്മ്മാണസഭ ഭരണഘടനയ്ക്ക് അംഗീകാരം നല്കി

# ഭരണഘടനാ നിര്‍മ്മാണസഭ : അംഗസംഖ്യ

സ്വസ്വാതന്ത്ര്യത്തിന്/ വിഭജനത്തിന് മുമ്പ്

ബ്രിട്ടീഷ് - ഇന്ത്യന് പ്രവിശ്യ -292
നാട്ടുരാജ്യങ്ങള് - 93
ചീഫ് കമ്മീഷണേഴ്സ് പ്രവിശ്യ -
4
ആകെ -389
സ്വാതന്ത്ര്യത്തിന്/ വിഭജനത്തിന് ശേഷം -
299

# ഭരണഘടനാ നിര്‍മ്മാണസഭ : പ്രധാന കമ്മിറ്റികള്‍, അദ്ധ്യക്ഷന്മാര്‍

- ഡ്രാഫ്റ്റിംഗ് കമ്മിറ്റി - ഡോ. ബി.ആര്‍. അംബേദ്കര്‍
- യൂണിയന്‍ പവേഴ്സ് കമ്മിറ്റി - ജവഹര്‍ലാല്‍ നെഹ്റു
- സ്റ്റേറ്റ്സ് കമ്മിറ്റി - ജവഹര്‍ലാല്‍ നെഹ്റു
- പ്രൊവിന്‍ഷ്യല്‍ കോണ്‍സ്റ്റിറ്റ്യൂഷന്‍ കമ്മിറ്റി - സര്‍ദാര്‍ വല്ലഭായി പട്ടേല്‍
- യൂണിയന്‍ കോണ്‍സ്റ്റിറ്റ്യൂഷന്‍ കമ്മിറ്റി - ജവഹര്‍ലാല്‍ നെഹ്റു
- റൂള്‍സ് ഓഫ് പ്രൊസീജിയര്‍ കമ്മിറ്റി - ഡോ. രാജേന്ദ്ര പ്രസാദ്
- സ്റ്റിയറിംഗ് കമ്മിറ്റി - ഡോ.

# ഡ്രാഫ്റ്റിംഗ് കമ്മിറ്റി അംഗങ്ങള്

1. ഡോ. ബി.ആര്. അംബേദ്കര് (ചെയര്മാന്)
2. സര്.പി. കൃഷ്ണസ്വാമി അയ്യങ്കാര്
3. എന്.ഗോപാലസ്വാമി അയ്യങ്കാര്
4. കെ.എം.മുന്ഷി
5. സയ്യദ് മുഹമ്മദ് സദ്ദുള്ള
6. സര്.ബി.എല്.മിറ്റര്
7. ഡി.പി.ഖേയ്ത്താല്

# ഇന്ത്യന് ഭരണഘടന : പ്രേരക ഘടകങ്ങള്

- ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകം
- ലക്ഷ്യ പ്രമേയം
- വിഭജനത്തെ തുടര്ന്നുണ്ടായ ഹിംസയുടെയും അതിക്രമങ്ങളുടെയും പശ്ചാത്തലം
- സാംസ്കാരിക വൈവിദ്ധ്യം

# ഇന്ത്യന് ഭരണഘടന : കടംകൊണ്ട ആശയങ്ങള്

ഫെഡറല് സംവിധാനം - കനേഡിയന് ഭരണഘടന,യു.എസ് ഭരണഘടന

- പാര്ലമെന്ററി സമ്പ്രദായം - ബ്രിട്ടീഷ് ഭരണഘടന
- മൗലികാവകാശങ്ങള് - യു.എസ്. ഭരണഘടന
- രാഷ്ട്രനയത്തിന്റെ നിര്ദ്ദേശക തത്വങ്ങള് - ഐറിഷ് ഭരണഘടന
- ഭരണഘടനാ ഭേദഗതി - ദക്ഷിണാഫ്രിക്കന് ഭരണഘടന
- മൗലിക കര്ത്തവ്യങ്ങള് - സോവിയറ്റ് ഭരണഘടന

# ഇന്ഡ്യന് ഭരണഘടന : പ്രധാന സവിശേഷതകള്

- ഏറ്റവും ബൃഹത്തായ എഴുതപ്പെട്ട ഭരണഘടന
- കര്ക്കശത്തിന്റെയും വഴക്കത്തിന്റെയും സന്തുലനം
- പാര്ലമെന്ററി ഭരണ സംവിധാനം
- ശക്തമായ കേന്ദ്രത്തോടുകൂടിയ ഫെഡറല് സമ്പ്രദായം
- ഏക സമന്വിത നീതിന്യായ വിഭാഗം
- ഏക പൗരത്വം
- മതേതര രാഷ്ട്രം
- ജനാധിപത്യ വികേന്ദ്രീകരണം

# ഇന്ഡ്യന് ഭരണഘടന: സംക്ഷിപ്തത രൂപം

- ആമുഖം - നിയമനിര്മ്മാണത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും സൂചിപ്പിക്കുന്നു
- അനുച്ഛേദങ്ങള് - 395 ( 480-31ജൂലൈ 2018 വരെയുള്ള കണക്ക് പ്രകാരം)
- പട്ടികകള് - 8 (നിലവില് - 12)
- ഭാഗങ്ങള് - 22 (നിലവില് 25)
- ഭേദഗതികള് - 101

# അധികാര വിഭജനം

- കേന്ദ്രം - ഭാഗം V
- സംസ്ഥാനം - ഭാഗം VI
- തദ്ദേശ സ്വയംഭരണ
- സ്ഥാപനങ്ങള് - ഭാഗം IX & IXA

# അധികാരം വേര്‍തിരിക്കല്‍

നിയമനിര്‍മ്മാണ മണ്ഡലം
നിര്‍വ്വാഹക മണ്ഡലം
നീതിന്യായ മണ്ഡലം